IV. സബ്മിഷൻ

1. ദരിദ്ര ജനവിഭാഗത്തിൽപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്ന് ചികിൽസാ സഹായം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, മുഖ്യമന്ത്രിയുടെ ചികിൽസാ സഹായ പദ്ധതിയെക്കുറിച്ച് ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ്. ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. എനിക്ക് ഒരു കത്ത് കിട്ടിയിട്ടുണ്ട്. അതിനെക്കുറിച്ച് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ലക്ഷംവീട് കോളനിയിൽ താമസിക്കുന്ന ഹരിജൻ വിഭാഗത്തിൽപ്പെട്ട നാണി എന്നുപറയുന്ന സാധുവായ സ്ത്രീയുടെ കത്താണ്. ആ കത്തിലെ രണ്ടു വാചകം മാത്രം ഞാൻ വായിക്കാം. 'ഞാൻ ക്യാൻസർരോഗം ബാധിച്ച വളരെ പാവപ്പെട്ട ഒരു വൃദ്ധയാണ്. എന്റെ മകൻ കൃഷ്ണന്റെ ചികിൽസക്കുവേണ്ടി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചികിൽസാസഹായനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനുവേണ്ടി 17.8.1997-ൽ അങ്ങയുടെ കൈവശം നൽകിയിരുന്ന മെമ്മോറാണ്ടവും അങ്ങ് അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അയച്ചുകൊടുത്തതിന്റെ പകർപ്പും 4006/സി.എം./97/വി.ഐ.പി. ആയി മുഖ്യമന്ത്രി റവന്യൂ സെക്രട്ടറിക്ക് അയച്ചുകൊടുത്തുവെന്ന് പറയുന്ന വിവരവും എന്നെ അറിയിച്ചു. 1997 നവംബർ മാസംമുതൽ ഈ പരാതി അയക്കുന്ന ദിവസംവരെ അടൂർ താലൂക്കിലെ പള്ളിക്കൽ വില്ലേജ് ഓഫീസിൽ ആ പരാതി വെളിച്ചം കാണിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. സർക്കാർ സഹായം കാത്തുനിൽക്കാതെ രോഗം ബാധിച്ച എന്റെ മകൻ ആത്മഹത്യ ചെയ്തു. മകന്റെ ചികിൽസക്കുവേണ്ടി അപേക്ഷ കൊടുത്ത ക്യാൻസർ രോഗിയായ ഒരു അമ്മയുടെ കത്താണിത്. ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടിയെടുക്കണം. നമ്മൾ കൊടുത്തിട്ടുള്ള ഈ ധനസഹായമെന്ന് പറയുന്നത് തുച്ഛമായിട്ടുള്ള തുകയാണ്. അത് ഈ രോഗത്തിന്റെ ചികിൽസക്ക് ഒരു പക്ഷെ ഒരിടത്തും എത്തുകയില്ല. എന്നാലും ഒരു ഗവൺമെന്റിന്റെ ആറ്റിറ്റ്യൂഡാണ് കാണിക്കേണ്ടത്. പാവങ്ങളെ സഹായിക്കാൻ വേണ്ടിയുള്ള ഈ പദ്ധതിയിൽ അവർക്ക് യഥാകാലം ധനസഹായം ലഭിക്കുന്നതിനുവേണ്ടി സർക്കാർ സത്വരനടപടിയെടുക്കണം. മാത്രമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പിറന്നാൾ നാളെയാണ്. അദ്ദേഹത്തിന് നാളെ 81 വയസ്സ് തികയുകയാണ്. അത്ര പ്രായമുള്ള ഒരു മുഖ്യമന്ത്രി ഇക്കാര്യത്തിൽ സത്വര ശ്രദ്ധചെലുത്തണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്ന അപേക്ഷകളിന്മേൽ ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് നേരിയ കാലതാമസം ഉണ്ടാകാറുണ്ട്. ചില കേസുകളിൽ കുറച്ചധികം കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ അന്വേഷിക്കുകയും അതനുസരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം നൽകുന്നത് ത്വരിതപ്പെടുത്തുന്നതിനായി 15.7.1999-ലെ സർക്കാർ ഉത്തരവുപ്രകാരം പ്രത്യേക നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആവശ്യാനുസരണം ഫണ്ട് അനുവദിക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. കഴിഞ്ഞമാസം ഈ ആവശ്യത്തിലേക്കായി ഒരു കോടി അമ്പതുലക്ഷത്തി അറുപത്തയ്യായിരം രൂപ അനുവദിച്ചിട്ടുണ്ട്. ഈ നിധിയിൽനിന്നും ധനസഹായത്തിനുള്ള അപേക്ഷകരുടെ എണ്ണം മുമ്പേതു കാലത്തേക്കാളും ക്രമാതീതമായി

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചിട്ടുള്ളതും, ചില അപേക്ഷകളിന്മേൽ വെരിഫിക്കേഷൻസ് നടത്തിയതിലുണ്ടായ താമസവും ഈ സംഗതിയിൽ കാലതാമസത്തിന് കാരണമായിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന തുക എത്രയും പെട്ടെന്ന് അപേക്ഷകന് എത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(2) എം.ജി. കോളേജിലെ എസ്.എഫ്.ഐ. വിദ്യാർത്ഥികൾക്കു നേരെയുള്ള ആക്രമണം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിൽ ഇപ്പോൾ ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. വിഭാഗങ്ങളുടെ കിരാത വാഴ്ചയാണ് നടക്കുന്നത്. ഇതര വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം പൂർണ്ണമായിട്ട് നിഷേധിച്ചിരിക്കുകയാണ്. നിരന്തരം ആവർത്തിക്കപ്പെടുന്ന മർദ്ദനങ്ങളും പീഡനമുറകളുംമൂലം വിദ്യാർത്ഥികളുടെ അക്കാഡമിക് ഭാവി തകർക്കപ്പെടുകയാണ്. വിദ്യാർത്ഥികളുടെ മത സ്വാതന്ത്ര്യംപോലും നിഷേധിക്കുന്ന തരത്തിലുള്ള ഭീകരവാഴ്ചയാണ് എം.ജി. കോളേജിൽ ദൃശ്യമാകുന്നത്. മത വിശ്വാസപ്രകാരം കൊന്ത ധരിച്ചുവരുന്ന വിദ്യാർത്ഥികളുടെ കൊന്ത പൊട്ടിച്ച് ദൂരെ എറിയുന്ന പ്രാകൃതമായ വർഗ്ഗീയ വൽക്കരണം ഇവിടെ ഒരു പതിവ് കാഴ്ചയായിരിക്കുകയാണ്. കൊലപാതകമുൾപ്പെടെയുള്ള ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ള ഇവിടത്തെ വിദ്യാർത്ഥികളല്ലാത്ത അക്രമിസംഘം കോളേജ് യൂണിയൻ ഓഫീസിൽ ക്യാമ്പ് ചെയ്താണ് അക്രമങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. വിദ്യാർത്ഥികളുൾപ്പെടെയുള്ളവരെ നിർബന്ധം ചെലുത്തി എ.ബി.വി.പി.യിൽ ചേർക്കുക, ഭീഷണിപ്പെടുത്തി പ്രകടനങ്ങളിൽ പങ്കെടുപ്പിക്കുക, ബലമായി സിന്ദൂരം തൊടുവിക്കുക എന്നിത്യാദി പ്രവർത്തനങ്ങളാണ് ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിലുള്ള വാടക ഗുണ്ടാസംഘം നടത്തുന്നത്. അതിന് മാനേജുമെന്റും കൂട്ടുനിൽക്കുകയാണ്. അധ്യാപകരെപ്പോലും ഭീഷണിപ്പെടുത്തി നിശബ്ദരാക്കി നിറുത്തിയിരിക്കുന്ന കാഴ്ച ഈ സ്ഥാപനത്തിൽ കാണാൻ കഴിയും. കഴിഞ്ഞ രണ്ടാഴ്ചയ്ക്കു മുമ്പേ ഷാനവാസ് എന്ന പ്രീഡിഗ്രി വിദ്യാർത്ഥിക്ക് നേരിടേണ്ടിവന്ന അതിഭീകരമായ മർദ്ദനമുറകൾ മനഃസാക്ഷിയുള്ളവരെ ഞെട്ടിപ്പിക്കുന്നതാണ്. തൊട്ടടുത്തുള്ള മാർ ഇവാനിയോസ് കോളേജിലെ എസ്.എഫ്.ഐ. വിദ്യാർത്ഥി നേതാവായ രഞ്ജിത്തിനെ സ്വന്തം സഹോദരിയുടെ മുമ്പിലിട്ടാണ് നിഷ്ഠൂരമായി മർദ്ദിച്ച് അവശനാക്കിയത്. ആർ.എസ്.എസ്. അക്രമിസംഘത്തിന്റെ അക്രമഭീഷണി നിമിത്തം പതിനഞ്ചോളം വിദ്യാർത്ഥികൾ കഴിഞ്ഞ ഒരു മാസക്കാലമായി കോളേജിൽ കടക്കാനാവാതെ പുറത്തുനിൽക്കുകയാണ്. അവർക്ക് പഠനം തുടരാൻ ആവശ്യമായ സാഹചര്യം ഒരുക്കണം. ഭീകര വിദ്യാർത്ഥി പ്രവർത്തന ശൈലി മുഖമുദ്രയായിട്ടുള്ള എം.ജി. കോളേജിലെ കാപാലിക സംഘം യഥാർത്ഥത്തിൽ മനുഷ്യാവകാശ ലംഘനമാണ് നടത്തുന്നത്. ഇവരുടെ കിരാതവാഴ്ചയ്ക്കെതിരെ പൊതുവെ പ്രതികരിക്കേണ്ട കാലം വൈകിയിരിക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് ഗൗരവത്തോടുകൂടി അന്വേഷിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ഈ പതിനഞ്ച് വിദ്യാർത്ഥികൾക്ക് കോളേജിനകത്ത് കയറി പഠനം നടത്താൻ ആവശ്യമായിട്ടുള്ള സാഹചര്യം ഒരുക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly